**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3380

16/12/2015-ൽ മറുപടിയ്ക്ക്

**ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഹോർട്ടികോർപ്പ് പച്ചക്കറി സ്റ്റാളുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ കീഴിൽ എത്ര പച്ചക്കറി സ്റ്റാളുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ; | എ) ഉടുമ്പൻചോല മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാളുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| ബി) | മണ്ഡലത്തിലെ നെടുംകണ്ടം, തൂക്കുപാലം, ഉടുമ്പൻചോല, പൂപ്പാറ, ശാന്തൻപാറ, രാജകുമാരി, രാജാക്കാട്, ചെമ്മണ്ണാർ, ഏഴുകും വയൽ തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറി സ്റ്റാളുകൾ ഹോർട്ടികോർപ്പിനു കീഴിൽ ആരംഭിക്കുമോ; | ബി) മണ്ഡലത്തിലെ നെടുങ്കണ്ടം, തൂക്കുപാലം,ഉടുമ്പൻചോല, പൂപ്പാറ, ശാന്തൻപാറ, രാജകുമാരി, രാജാക്കാട്, ചെമ്മണ്ണാർ, ഏഴുകും വയൽ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സ്റ്റാളുകൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത സ്ഥലങ്ങൾ പച്ചക്കറി ഉൽപ്പാദന മേഖലകളായതിനാലും ഹോർട്ടികോർപ്പിന് പച്ചക്കറി സ്റ്റാളുകൾ നിലവിലില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്റ്റാൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. |
| സി) | ഹോർട്ടികോർപ്പിനു കീഴിൽ പച്ചക്കറി സ്റ്റാളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | സി) സ്റ്റാൾ ആരംഭിക്കുന്നതിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതത് ജില്ലാ സംഭരണ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് വിപണന സാധ്യതകൾ കണക്കിലെടുത്തശേഷമാണ് സ്റ്റാൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ